പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5187 — 28.10.2016 ൽ മറുപടിക്ക്

## സർവ്വീസ് ബോട്ടുകളുടെ അറ്റകുറ്റപണികൾ

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ തടാകങ്ങളിലും, കായലുകളിലും സർവ്വീസ് നടത്തുന്ന ജല ഗതാഗത വകുപ്പിന്റെ ബോട്ടുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; പരാതികൾ പരിശോധിക്കുന്ന സംവിധാനം എങ്ങനെയാണെന്ന് വിശദമാക്കുമോ; | (എ) വകുപ്പുവക ബോട്ടുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി നടത്തുന്നതിന് ഫലപ്രദമായി ഒരു യാർഡും അനുബന്ധ സൗകര്യങ്ങളും ഇല്ലായെന്നതായിരുന്നു മുൻകാലങ്ങളിൽ വകുപ്പ് നേരിട്ടു കൊണ്ടിരുന്ന സുപ്രധാന വെല്ലുവിളികളിൽ ഒന്ന്. ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വകുപ്പിനു വേണ്ടി സ്വന്തമായി ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ 4 ബോട്ടുകൾ ഒരേ സമയം മേജർ റിപ്പയർ ചെയ്യാവുന്ന വിധത്തിലുള്ള ഡ്രൈഡോക്കും, നാല് ബോട്ടുകൾ കയറ്റാവുന്ന സ്ലിപ്പ് വേയും നിർമ്മിക്കുകയുണ്ടായി. ടി യാർഡുകളിൽ നിലവിൽ വകുപ്പു ബോട്ടുകളുടെ റിപ്പയർ ജോലികൾ കാര്യക്ഷമമായി നടത്തിവരുന്നു. വകുപ്പിന്റെ എറണാകുളം തേവരയിൽ മൈനർ റിപ്പയർ യാർഡും ഇതോടൊപ്പം പ്രവർത്തിച്ചുവരുന്നു. പയ്യന്നൂർ മേഖലയിൽ ബോട്ടുകളുടെ അറ്റകുറ്റപണികൾ കാര്യക്ഷമ മാക്കുന്നതിന്റെ ഭാഗമായി സ്വന്തമായി ഒരു സ്ലിപ്പ് വേയും നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സ്വന്തം നിലയിൽ ബോട്ടുകളുടെ അറ്റകുറ്റപണികൾ നടത്തുന്ന തിന് വകുപ്പ് പ്രാപ്തമാകുന്നതോടെ പരാതി കൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി സർവ്വീസുകൾ നടത്തുന്ന തിനും വകുപ്പിന് സാധിക്കുന്നതാണ്. |

| | |
|---|---|
| (ബി) ഇത്തരം ബോട്ടുകളിൽ ആവശ്യത്തിന് ലൈഫ് ഗാർഡുകളോ, ലൈഫ് ജാക്കറ്റുകളോ ഇല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളെടുക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) വകുപ്പ് ബോട്ടുകളിൽ യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി പാസഞ്ചർ കപ്പാസിറ്റിക്ക് അനുസൃതമായി ലൈഫ് ജാക്കറ്റുകൾ ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ സുരക്ഷാ ഉപകരണങ്ങളായ ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിക്യൂഷർ എന്നിവ എല്ലാ ബോട്ടുകളിലും സൂക്ഷിച്ചിട്ടുള്ളതുമാണ്. ഗാർഡ് എന്ന നിലയിൽ തസ്തികകൾ വകുപ്പിൽ നിലവിലില്ല. എന്നാൽ ബോട്ടുകളിലെ രണ്ട് ലാസ്കർമാർ അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിനുൾപ്പെടെയുള്ള പരിശീലനം ലഭിച്ചിട്ടുള്ളവരും സർവ്വീസുകളിൽ ലൈഫ് ഗാർഡുകളുടെതിനു സമാനമായി ജോലി ചെയ്തു വരുന്നവരുമാണ്. |
| (സി) സംസ്ഥാനത്തെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എത്ര ബോട്ട് സർവ്വീസുകൾ ജലഗതാഗത വകുപ്പ് നടത്തുന്നു; | (സി) ആലപ്പുഴ – കൊല്ലം , കൊല്ലം – ആലപ്പുഴ, സീ കുട്ടനാട് എന്നിങ്ങനെ മൂന്ന് ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ വകുപ്പ് നിലവിൽ വിജയകരമായി നടത്തിവരുന്നു. |
| (ഡി) ബോട്ടപകടം ഒഴിവാക്കുവാൻ നിരന്തര പരിശോധന സംവിധാനമടക്കം ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) ബോട്ടപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പുവരുന്നതിലേക്കുമായി കേരളാ ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും വകുപ്പ് ബോട്ടുകൾ പാലിച്ചു വരുന്നു. യാത്രക്കാർക്കും ജീവനക്കാർക്കുമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിക്യൂഷർ എന്നിവ എല്ലാ ബോട്ടുകളിലും സജ്ജീകരിച്ചിട്ടുണ്ട്. കേരള തുറമുഖവകുപ്പിന്റെ ഫിറ്റ്നസ് പരിശോധനയ്ക്കും അതുവഴി ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾക്കും വിധേയമായി മാത്രമാണ് വകുപ്പ് ബോട്ടുകൾ സർവ്വീസ് നടത്തിവരുന്നത്. സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി ബോട്ടുകൾ യഥാസമയം |

പരിശോധനകൾ നടത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി വകുപ്പിന്റെ മെക്കാനിക്കൽ വിഭാഗത്തിന്റെയും യാർഡുകളുടെയും സേവനം വകുപ്പ് പ്രയോജനപ്പെടുത്തി വരുന്നു. ബോട്ടുകളിൽ സി.യു.ജി. ഫോൺ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. ബോട്ടുകളുടെ സുരക്ഷ വിലയിരുത്തുന്നതിനായി സ്റ്റേഷൻമാസ്റ്റർമാരുടെ മേൽ നോട്ടത്തിൽ സ്റ്റേഷനുകളിൽ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മറ്റികളുടെ റിപ്പോർട്ടുകൾ പഠിച്ച് ആവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനും സുരക്ഷ മെച്ചപ്പെടുത്തുന്നതിനും വകുപ്പുതല നടപടി , സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുന്നു.

സെക്ഷൻ ഓഫീസർ